കേരള സർക്കാർ

നം:55181/ഡി.ബി2/08/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്.
തിരുവനന്തപുരം,തീയതി:26/8/2008

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് -കർഷകതൊഴിലാളി പെൻഷൻ- ഒന്നിൽ കൂടുതൽ പെൻഷൻ കൈപ്പറ്റുന്നവരെ ഒഴിവാക്കുന്നതു സംബന്ധിച്ച്

ചില വ്യക്തികൾ ഒന്നിൽ കൂടുതൽ ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നതായി സർക്കാരിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇക്കാര്യം ഒഴിവാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കേണ്ടതാണ്.

ഓരോ ഗ്രാമ പഞ്ചായത്തും താഴെപ്പറയുന്ന ക്ഷേമ പദ്ധതികളിലുൾപ്പെട്ട പെൻഷൻകാരുടെ വാർഡ് തലത്തിലുള്ള പ്രത്യേക ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

1. കർഷക തൊഴിലാളി പെൻഷൻ. പദ്ധതി.
2. വാർദ്ധക്യ കാല പെൻഷൻ പദ്ധതി.
3. വിധവ പെൻഷൻ പദ്ധതി.
4. വികലാംഗ പെൻഷൻ പദ്ധതി

കുടുംബശ്രീ, അംഗനവാടിവർക്കർ/വർക്കർമാർ എന്നിവരുടെ പ്രതിനിധികളെയും പഞ്ചായത്തിലെ ഒരു ഫീൽഡ് ലെവൽ ഓഫീസറെയും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ടീം പഞ്ചായത്ത് സെക്രട്ടറിമാർ ഓരോ പഞ്ചായത്തിലും രൂപീകരിക്കേണ്ടതും വാർഡ് തലത്തിലുള്ള ലിസ്റ്റ് ഈ ടീമിന് നൽകേണ്ടതുമാണ് . ലിസ്റ്റിനെക്കുറിച്ച് ടീം പ്രാദേശികമായി അന്വേഷണം നടത്തേണ്ടതും അത്യാവശ്യ പരിശോധനകൾക്കുശേഷം മുകളിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും പെൻഷനുകളിൽ ഒന്നിൽ കൂടുതൽ പെൻഷനുകൾ സ്വീകരിക്കുന്നവരുണ്ടെങ്കിൽ അവരുടെ പേരുകൾ കർഷതൊഴിലാളിപെൻഷൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനായി റിപ്പോർട്ട് നൽകേണ്ടതുമാണ്. മറ്റ് ക്ഷേമ പെൻഷനുകളുടെ ലിസ്റ്റിൽ ഒന്നിൽ കൂടുതൽ പെൻഷൻ സ്വീകരിക്കുന്നവരെ കണ്ടെത്തുകയാണെങ്കിൽ അവർക്ക് കർഷകതൊഴിലാളി പെൻഷൻ നൽകുന്നത് നിർത്തേണ്ടതാണ്. ഇക്കാര്യത്തിൽ സൂക്ഷ്മമായ പരിശോധന നടത്തേണ്ടതാണ്. ഇതിന് ശേഷവും ക്ഷേമപെൻഷനുകളിൽ ഡ്യൂപ്ളിക്കേഷൻ കണ്ടെത്തുന്ന പക്ഷം ഇത് മൂലം സർക്കാരിനുണ്ടാകുന്ന

സാമ്പത്തിക നഷ്ടത്തിന് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറി വ്യക്തിപരമായി ഉത്തരവാദി ആയിരിക്കുന്നതാണ്.

ഏതെങ്കിലും കാരണവശാൽ അവസാനമായി തയ്യാറാക്കിയ ലിസ്റ്റിലും ഏതെങ്കിലും വ്യക്തികൾക്ക് ഒന്നിൽ കൂടുതൽ പെൻഷൻ ലഭിക്കുന്നത് കണ്ടെത്തുകയും അധിക തുക ഓണത്തിന് മുൻപ് നൽകുകുയും ചെയ്താൽ, അധികമായി നൽകിയ തുക അടുത്ത ആറ് മാസം അവർക്ക് നൽകേണ്ടുന്ന പെൻഷനിൽ തട്ടിക്കിഴിക്കേണ്ടതാണ്.

എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി.

ഉത്തരവിൻപ്രകാരം,

M. Chandran

സെക്ഷൻ ഓഫീസർ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (ജില്ലാഡെപ്യൂട്ടി ഡയറക്ടർ മുഖേന)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യ വകുപ്പ്)
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും
ഡയറക്ടർ, ഇൻഫർമേഷൻ പബ്ളിക്ക് റിലേഷൻസ്,തിരുവനന്തപുരം,
(പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻകേരള മിഷൻ:
സർക്കാരിൻെയും തദ്ദേശസ്വയംഭരണ വകുപ്പിൻെറയും
വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.